**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4701** **13-03-2023 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | 2023-2024 സാമ്പത്തിക വർഷത്തിൽ 2406-01-800-92 - വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് ആശ്വാസം എന്ന പദ്ധതിയേതര ബഡ്ജറ്റ് ശീർഷകത്തിൽ 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>ഇതു കൂടാതെ 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 2406-02-110-99-മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിനുൾപ്പെടെ വന്യജീവി രക്ഷാ പ്രവർത്തനങ്ങൾ / ആദിവാസികൾക്കും രക്ഷാ പ്രവർത്തനം കൈകാര്യം ചെയ്യുന്ന വാച്ചർമാർക്കും ഇൻഷുറൻസ്/വാഹന പരിപാലനം/ഇ.ഡി.സി.ക്കുള്ള സഹായം എന്നിവയ്ക്കും കൂടി ആകെ 863.00 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ഈ ഇനത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ? | (ബി) | മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് വകയിരുത്തിയ തുകയും, ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതടക്കം മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള വിവിധങ്ങളായ പ്രവർത്തികൾക്ക് ആകെയാണ് പ്രസ്തുത പദ്ധതിയിൽ തുക ഉൾപ്പെടുത്തിയിട്ടുള്ളത്. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നന്നതിന് മാത്രമായി നിശ്ചിത വിഹിതം വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | അനുവദിച്ച തുക പദ്ധതിയടിസ്ഥാനത്തിൽ (ലക്ഷത്തിൽ) | | | | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| | Measures to Reduce Man-Animal Conflict | Relief to Victims Affected by the attack of Wild Animals | Project Elephant | IDWH – Protection of Wildlife – Outside Protected Area | |
| 2016-17 | 757.00* | 350.00 | 154.32 | 9.60 | 964.00 |
| 2017-18 | 1340.00* | 406.95 | 125.00 | 182.20 | 1019.00 |
| 2018-19 | 1530.20* | 390.00 | 126.00 | 108.29 | 1115.00 |
| 2019-20 | 2400.00* | 40.00 | 133.26 | 0.00 | 930.00 |
| 2020-21 | 2400.00* | 60.00 | 125.60 | 188.80 | 1045.00 |
| 2021-22 | 2200.00* | 670.00 | 148.63 | 0.00 | 1311.00 |
| 2022-23 | 700.00 | 223.00 | 32.13 | 50.00 | 673.00 |

* വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതടക്കം മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള വിവിധങ്ങളായ പ്രവർത്തികൾക്ക് ആകെയാണ് പ്രസ്തുത പദ്ധതിയിൽ തുക ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത വർഷങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മാത്രമായി നിശ്ചിത വിഹിതം വകയിരുത്തിയിട്ടില്ല.